**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3986** **06-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഡി.സി. സഹായത്തോടെയുള്ള തിയേറ്റർ സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പനഗർ പഞ്ചായത്ത് വിട്ടുനൽകിയ സ്ഥലത്ത് കെ.എസ്.എഫ്.ഡി.സി. കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന തിയേറ്റർ സമുച്ചയ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പനഗറിൽ നിർമ്മിച്ചു കൊണ്ടിരിക്കുന്ന തീയേറ്റർ സമുച്ചയ നിർമ്മാണത്തിന്റെ സിവിൽ, എം.ഇ.പി ജോലികൾ പുരോഗമിച്ചു വരുകയാണ്. തീയേറ്ററിന്റെ പ്രൊജക്ഷൻ, സൗണ്ട്, അക്കൗസ്റ്റിക്ക്, ഇന്റീരിയർ ജോലികൾ നിർവ്വഹിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എന്തൊക്കെ സൗകര്യങ്ങളോടെയാണ് പ്രസ്തുത തിയേറ്റർ നിർമ്മിക്കുന്നതെന്നും എത്ര രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | രണ്ടു സ്ക്രീനുള്ള തീയേറ്റർ സമുച്ചയമാണ് നിർമ്മിക്കുന്നത്. രണ്ടു സ്ക്രീനുകളിലായി 309 സീറ്റുകളാണ് സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. അത്യാധുനിക രീതിയിലുള്ള 4കെ ലേസർ പ്രൊജക്ഷൻ സംവിധാനം, അറ്റ്മോസ് സൗണ്ട് സിസ്റ്റം, ഇൻവെർട്ടർടൈപ്പ് ശീതീകരണ സംവിധാനം, തീയേറ്ററിന്റെ നാനാ ഭാഗത്തും നിരീക്ഷണ ക്യാമറകൾ, വൈദ്യുതി തടസ്സം നേരിടാനുള്ള ആധുനിക ജനറേറ്ററുകൾ, ഫയർ ഫൈറ്റിംഗ് സംവിധാനം, സൗകര്യപ്രദമായ സോഫാ-പുഷ്-ബാക്ക് ഇരിപ്പിടങ്ങൾ, എൽ.ഇ.ഡി ഡിസ്പ്ലേ, ആധുനിക ടോയ് ലെറ്റ് സൗകര്യം, ലിഫ്റ്റ് സംവിധാനം, ക്യാന്റീൻ സൗകര്യം, സൗകര്യപ്രദമായ പാർക്കിംഗ് തുടങ്ങിയ സൗകര്യങ്ങളോടു കൂടിയ ഈ തീയേറ്റർ സമുച്ചയം 2021 ഡിസംബറോടു കൂടി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. 11.11 കോടി രൂപയുടെ ബജറ്റിനാണ് കിഫ്ബിയിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ